LIBRARY ARCHIVES Kerala Legislative Assembly

വർക്കല, വെട്ടൂർ, ചെമ്മരുതി എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ പദ്ധതികൾ

44 (2611) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല, വെട്ടൂർ, ചെമ്മരുതി എന്നീ സ്ഥലങ്ങളിലെ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്ന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിലെ ജല വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന വെട്ടൂർ പഞ്ചായത്തിലെ താഴെ വെട്ടൂർ ഊറ്റുകുഴി എന്ന സ്ഥലത്ത് വേണ്ടുവോളം വെള്ളമുള്ള ഉറവയിൽ നിന്നും ജലവിതരണപദ്ധതി നടപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(ഇ) ചെമ്മരുതി പഞ്ചായത്തിലെ കണ്വാശ്രമം അറബിക് കോളേജ് പ്രദേശത്ത് നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുള്ള കുഴൽക്കിണർ അടിയന്തിരമായി കുഴിച്ച് വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലെ സ്രോതസ്സുകളിലെ ജല ലഭ്യത കുറയുന്നതു കാരണമാണ് ജലക്ഷാമം അനുഭവപ്പെടുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ജലസ്രോതസ്സ് പരിശോധിച്ച് ജലവിതരണ പദ്ധതി നടപ്പാക്കാനുള്ള സാദ്ധ്യത ഉറപ്പാക്കി നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

വെള്ളക്കരം പിരിച്ചെടുക്കുന്നതിന് നടപടി

45 (2612) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരിൽ നിന്നും 1998-99 സാമ്പത്തിക വർഷം വരെ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ എത്രസംഖ്യ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഏറ്റവും കൂടുതൽ സംഖ്യ ലഭിക്കാനുള്ളത് ഏത് കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിയിൽ നിന്നാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷം വരെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

1.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	9467.99 ലക്ഷം രൂപ
2.	വ്യക്തികൾ-ഗാർഹിക വിഭാഗ ഉപഭോക്താക്കൾ	1570.35 ലക്ഷം രൂപ
3.	ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗാർഹികേതര വിഭാഗം	1879.54 ലക്ഷം രൂപ
		12917.88 ലക്ഷം രൂപ

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തി വരുന്നു. വിവിധ മാദ്ധ്യമങ്ങളിൽ കൂടി കുടിശ്ശിക അടയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് ബില്ല് നൽകി വരുന്നു. ഗവൺമെന്റ് സ്ഥാപനങ്ങളുടെ മേധാവികൾക്ക് ഔദ്യോഗിക തലത്തിൽ കത്തുകൾ നൽകിയിട്ടുണ്ട്. കുടിശ്ശിക അടയ്ക്കുവാൻ കൂട്ടാക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ നിയമാനുസൃതം വിച്ഛേദിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ഡിവിഷൻ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊച്ചി കോർപ്പറേഷനിൽ നിന്ന്.

ഇരുമ്പ-മരുതംകോട് പ്രദേശത്തെ കുടിവെള്ള ക്ഷാമം

46 (2614) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഇരുമ്പ-മരുതംകോട് പ്രദേശത്തെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് നാട്ടുകാർ നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly